**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** | **07-12-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്ന എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇതിന്റെ പുരോഗതി അറിയിക്കുമോ; | (എ) | **സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണതോതിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, ലാന്റ് ബാങ്ക് പദ്ധതി എന്നിവ മുഖേന നാളിതുവരെ 39276 പേർക്ക് 49094.35 ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.** |
| (ബി) | ആദിവാസി കോളനികളിൽ വൈദ്യുതിയും കുടിവെള്ളവും എത്തിക്കാനും ശുചിമുറികൾ നിർമ്മിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | **പട്ടികവർഗ്ഗ കോളനികളിൽ ഇനിയും വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി മുഖേനയും, അനർട്ട് മുഖേനയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.യെയും, അനർട്ടിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളപദ്ധതി, ശുചിമുറികൾ എന്നിവ നടപ്പിലാക്കുന്നതിന് 25 ലക്ഷം രൂപയ്ക്ക് താഴെയുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. 25 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന തുകയ്ക്കുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.** |
| (സി) | എത്ര കോളനികളിൽ ഇനിയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുണ്ട് എന്നത് ജില്ല തിരിച്ച് | (സി) | **വിവരം ശേഖരിച്ചു നൽകുന്നതാണ്.** |

| | | | |
|---|---|---|---|
| | വിവരിക്കാമോ? | | |

സെക്ഷൻ ഓഫീസർ